# ജി.എച്ച്.എസ്സ്.എസ്സ്. എഴുമറ്റൂർ

# സൃഷ്ടി



## മൈ മാഗസിൻ

താളുകൾ

മറിയുമ്പോൾ............



**കവിത**

| | |
|---|---|
| 1.എൻ കലാലയം | :ജിൻസി ചാക്കോ |
| 2.എന്റെ വിദ്യാലയം | :ജുമൈലത്ത് പി.എസ് |
| 3.കലാലയം | :നന്ദന ഷാജി |
| 4.പ്രകൃതി നിന്മുഖം | :സോന സാജൻ |
| 5.കൊന്നപ്പൂവ് | :സേതുലക്ഷ്മി കെ.എസ് |
| 6.വാഴത്തോട്ടം | :ഐശ്വര്യ എച്ച് നായർ |
| 7.അടർന്നത് | :അന്ന മോൾ റെജി |
| 8.അക്ഷരക്കളരി | : ജിൻസി ചാക്കോ |
| 9.വാ കുരുവി | : ആര്യ സുനിൽ |
| 10.വല്ല്യമ്മ | : അനന്ദു എസ് |

11.എന്റെ ഗ്രാമം : സോജ സാബു

12.മറക്കാനാവാത്ത ഓർമ്മ : റിയ മേരി സാമുവൽ

13.ധനം : വിദ്യ കൃഷ്ണൻ ബി റ്റി

14.കൊമ്പനും കുട്ടനും : ജുമൈലത്ത് പി.എസ്

15.മധുരമീ വിഭാതം : സോന സാജൻ

16.അപ്പൂപ്പൻ :നിഖിൽ മോൻ റെജി

17.ജീവിതമൊരു മഹാസാഗരം:ജോയൽ ജോസ്

## കഥ

1.വിദ്യ : ഐശ്വര്യ എച്ച് നായർ

2.അരിശത്തിനുള്ള മാർഗ്ഗം : സോന സാജൻ

3.അനുസരണ : ജുമൈലത്ത് പി.എസ്

4.പുല്ല് രക്ഷിച്ചേ : സേതുലക്ഷ്മി കെ.എസ്

## ഉപന്യാസം

1.ജലലഭ്യതയുടെ അഭാവം : ഐശ്വര്യ എച്ച്നായർ

## പഴഞ്ചൊല്ലുകൾ

1.ജുമൈലത്ത് പി എസ്

2.സോന സാജൻ

3.സേതുലക്ഷ്മി കെ എസ്

4.ഐശ്വര്യ എച്ച് നായർ

5.ആര്യ സുനിൽ

# എൻ കലാലയം

ജിൻസി ചാക്കോ

എൻ ഓർമയിൻ  തീരങ്ങളിൽ

അലയടിക്കും കലാലയമേ നീ

ആദ്യമായി പരിഭവത്തോടെ ഈ കലാലയത്തിൽ

പടിക്കൽ എത്തുമ്പോൾ ഞാനറിഞ്ഞിരുന്നില്ല

നീയെൻ ഹൃദയത്തിൻ താളമായി മാറുമെന്ന്

വേർപ്പെടുത്താനാവില്ലെനിക്കീ മുറ്റത്തെ

അറിവിൻ ചെപ്പുമായി എത്തുമെൻ അധ്യാപകക്കൂട്ടം

സ്നേഹത്തിൻ നിറച്ചാർത്തുമായി എത്തുമെൻ

സൗഹൃദങ്ങൾ

എല്ലാം സമ്മാനിച്ചതെൻ കലാലയം

എൻ മനസ്സിൽ അറിവിൻെറ സൗഹൃദത്തിൻെറ

പ്രണയത്തിൻെറ പൂക്കൾ വിരിയിച്ച കലാലയം

സ്നേഹത്തിൻ മൗനനൊമ്പരങ്ങൾ അറിയിച്ച

കലാലയം

എൻ ഓർമയിൻ തീരങ്ങളിൽ

അലയടിക്കും കലാലയമേ

എന്നുമീ നാടിൻ ഉജ്ജ്വലതേജസ്സായി വിളങ്ങു നീ

അനേകർക്ക് അക്ഷരജ്യോതിസ്സായ്

കാലാതിവർത്തിയായ് ജ്വലിക്കു നീ........

# എന്റെ വിദ്യാലയം

ജുമൈലത്ത് പി.എസ്

സൗഹൃദം നിറഞ്ഞതാണെന്റെ വിദ്യാലയം

എപ്പോഴും എന്നെ നിയന്ത്രിച്ച

വളർത്തിയ വിദ്യാലയം

ഈ വിദ്യാലയത്തിൽ നിന്ന്

വേർപിരിയുമ്പോൾ

വേദനകൾ നിറയുന്നു

ബാല്യത്തിന്റെ കൗതുകങ്ങളും

സൗഹൃദത്തിന്റെ നൊമ്പരങ്ങളും

തിരിച്ചറിവിന്റെ വെളിപ്പാടുകളും

യാഥാർത്ഥ്യങ്ങളുടെ നഷ്ടബോധവും

നിറഞ്ഞതാണെന്റെ വിദ്യലയം

ഒടുവിൽ ഓർമ്മകൾ ബാക്കിയായി

ഈ വിദ്യാലയ മുറ്റത്തു നിന്ന്

നാം വേർപിരിയുന്നു.

# കലാലയം

നന്ദന ഷാജി

ജീവിത പാതയിൽ  നടന്നു ഞാൻ
എവിടെയും  എത്തിയില്ലെങ്കിലും
ഓർക്കാൻ  എനിക്കിന്നുമുണ്ടൊരു
സുന്ദരമാം കലാലയ ജീവിതം
ചെമ്പകപ്പൂ മണം പരത്തും
ഇളം കാറ്റിൽ ഞാനിന്നുമോർത്തീടുന്നു
കൊഴിഞ്ഞു പോയ പൂക്കൾ പോലെ
സഹയാത്രികരെ പിരിഞ്ഞ നൊമ്പരം
കിളിച്ചുണ്ടൻ മാമ്പഴത്തിൻ
തേൻ ഞാൻ നുകർന്നതും
മഞ്ചാടി മണികൾ പെറുക്കിയെടുത്തതും
സുന്ദരമാം  ഓർമ്മയാണാ ജീവിതം..........

# പ്രകൃതി നിൻമുഖം

*സോന സാജൻ*

കാറ്റിന്റെ വരവിലും മഴയുടെ കുളിരിലും
ഈറനണിയിക്കും നിൻമുഖം...........
ആകാശ താഴ്വര തോറും
കുളിരണിയിക്കും നിൻമുഖം
മനുഷ്യൻ തൻ നൊമ്പര പ്രവർത്തികളിൽ
കാണുന്നു ഞാൻ വിരഹമാർന്ന നിൻമുഖം
പുഴയുടെ ഇളകിയ മന്ദമായ താളത്തിൽ
കാണുന്നു ഞാൻ തഴുകുമീ നിൻമുഖം
കാട്ടുപൂഞ്ചോലയ്ക്കിടയിലും കുളിരായ്
കാണുന്നു ഞാൻ നിൻമുഖം

സപ്തവർണ്ണമഴകിൽ തെളിയുന്ന

അഴകാർന്ന നിന്മുഖം............

ഞാനെവിടെയെല്ലാം പറന്നിറങ്ങിയോ

അവിടെയും കണ്ടു ഞാൻ

തിളങ്ങുന്ന കണ്ണിൽ വിരഹവും

പ്രകൃതീ ...........നിൻമുഖം .........

# കൊന്നപ്പൂവ്

സേതുലക്ഷ്മി കെ.എസ്

**കൊന്നപ്പൂവിൻ തൈകിളിർത്തു**

കൊന്നതൈത്തെ മരമായ് വളർന്നു
കൊന്നമരത്തിൽ ചില്ലകൾ വന്നു
കൊന്നമരത്തിൽ ഇലകൾ കിളിർത്തു
ഇലകൾക്കിടയിൽ മൊട്ടുകൾ വളർന്നു
പിന്നെ അത് വർണ്ണ പൂക്കളായി വളർന്നു
വിഷു നാളിൽ കണികാണാൻവെച്ചു
അങ്ങനെയത് വിഷുക്കണിക്കൊന്നയായ്

# വാഴത്തോട്ടം

ഐശ്വര്യ എച്ച് നായർ

കുരിരുട്ടത്ത് വാഴത്തോട്ടത്തിൽ

ക്ഷണിക്കാതെ ഒരു അതിഥി കടന്നുവന്നു

വാഴത്തോട്ടത്തിൽ ശബ്ദങ്ങൾ കേട്ടപ്പോൾ ഉടമസ്ഥൻ

ജനലിലൂടെ എത്തിനോക്കി

തന്നുടെ വാഴകൾ കാണ്മാനില്ല

ആധിക്കൊണ്ടാധിക്കൊണ്ട് വെട്ടമടിച്ചു

ഇതാ ആയിരം വവ്വാൽ പറന്നുപോയി

# അക്ഷരക്കളരി

ജിൻസി ചാക്കോ

അക്ഷരമുറ്റത്ത് പിച്ചവയ്ക്കാം
ആദ്യാക്ഷരത്തിൽ മധുനുകരാം
അക്ഷരക്കളരിയിലാടിത്തിമിർക്കാം
അഗ്നിച്ചിറകുമായുയരാം
അറിവുകൾ നേടി വളർന്നിടാം
നേരും നെറിയും വിവേകവും നേടാം
അക്ഷരമാല കോർത്തണിയാം
ഹൃദയത്തിലറിവിൻ തിരി തെളിക്കാം
മനസ്സുകളൊന്നാക്കി മാറ്റാം
ഒരുമതൻ ഗീതകം പാടീടാം
ഹൃദയമാം  മണിവീണ തന്നിൽ
മൃദുസ്നേഹമായുണരാം
അറിവിൻ വിഹായസ്സിൽ പാറി
ഒരുമതൻ തണലിൽ ചേക്കേറിടാം
ഈ ലോകവാതിൽ തുറക്കാം

ഉയരങ്ങളിലേക്ക് ഉയരാം...

# വാ കുരുവി.....

ആര്യ സുനിൽ

**വാ** കുരുവീ വരു കുരുവീ...
വാഴത്തണ്ടേൽ ഇരി കുരുവീ...
നാരു തരാം ചകിരി തരാം...
കൂട്ടുണ്ടാക്കാൻ കൂടെ വരാം
വെയിലല്ലേ മഴയല്ലേ...
തണലിലിരിപ്പതു സുഖമല്ലേ...
നീ വെറുതെ പോകരുതേ...
നിഴൽ കിട്ടാതെ വലയരുതേ...!

# വല്യമ്മ

അനന്ദു എസ്

വല്യമ്മക്കെപ്പോഴും ദോശ വേണം
പത്തിരി വേണം പഴവും വേണം
പുട്ടിന് കൂടൊരു മുട്ടേം വേണം
പത്തുഗ്ലാസ്സെങ്കിലും പാലും വേണം

ചോറിനൊഴിക്കുവാൻ  മോരു വേണം
തോരനും ചമ്മന്തിപ്പൊടിയും വേണം
വയറുനിറഞ്ഞങ്ങ് കുശാലായാൽ
വല്യമ്മ പിന്നെയുറക്കമാകും.

# എന്റെ ഗ്രാമം

സോജ സാബു

പരിശുദ്ധമാണെന്റെ ഗ്രാമം

എൻ മനസ്സിന്റെ കളിരാണ് ഗ്രാമം

നന്മയൂറുന്ന മനസ്സുകളാൽ

സമൃദ്ധമാമെന്റെ ഗ്രാമം

കുരുന്നു ഹൃദയങ്ങൾ ഉല്ലസിച്ചീടുന്ന

ആഹ്ളാദഭൂമിയാണെൻ ഗ്രാമം

മലകളെ തഴുകിയൊഴുകും പുഴകൾ

കൊണ്ടാകർഷണീയമാം എന്റെ ഗ്രാമം

സ്വപ്നങ്ങൾ നിറയുന്ന ഗ്രാമം

ഈ വിശ്വത്തിലൊരു കൊച്ചുഗ്രാമം

ഐശ്വര്യമുയരുന്ന ഗ്രാമം

എൻ ജീവൻെറ ജീവനാം ഗ്രാമം

# മറക്കാനാവാത്ത ഓർമ്മ

റിയ മേരി സാമുവൽ

അമ്മതൻ കരങ്ങളിൽ ഞാൻ വന്ന് വീഴവേ

പുഞ്ചിരി കൊണ്ട് എൻ കവിളിൽ മുത്തം നൽകവേ

എനിക്ക് ചോറൂട്ടി തരുമ്പോൾ എന്നമ്മയുടെ വാത്സല്യം

എൻ ഓർമ്മകളിൽ തങ്ങി നിൽക്കുന്നു

കണ്ണെഴുതി പൊട്ടുതൊട്ട് സുന്ദരിയാക്കിയ നിമിഷം

എൻ ഓർമ്മകളിൽ തങ്ങി നിൽക്കുന്നു

എന്റെ അച്ഛന്റെയും അമ്മയുടെയും വാത്സല്യം

സഹോദരിമാർ എനിക്കു നൽകിയ വാത്സല്യം

എൻ ഓർമ്മകളിൽ നിന്ന്  ഒരിക്കലും മായ്ക്കാനാവില്ല

# ധനം

വിദ്യ കൃഷ്ണൻ ബി റ്റി

അറിവ് തേടിപോകുന്നവരെ
അറിവിൻ കൂടാരം ഇവിടല്ലോ
വിദ്യ എന്നത് മൂഢതയല്ല
വിജ്ഞാനത്തിൽ നിധിയല്ലോ
ചുവടു പിഴക്കാതെ മുന്നേറുക
പിന്നോട്ടല്പം മാറരുതെ
കുതിച്ചു പാഞ്ഞു തളരുമ്പോൾ
കറങ്ങും കസേരയിൽ വിശ്രമിക്കാം
അതാ നോക്കൂ നോട്ടുകൾ അങ്ങനെ
കൈനിറയെ വന്നീടും
ഇനിയും നമുക്ക് വിശ്രമിക്കാം

വിദ്യ എന്നത് ധനമല്ലോ..

# കൊമ്പനും കുട്ടനും

ജുമൈലത്ത് പി.എസ്

ഒരുനാൾ തുന്നക്കാരൻ കുട്ടൻ
കൊമ്പനൊരുത്തനുമായിക്കൂടി
പതിവായി കൊമ്പൻ കടയിൽ ചെല്ലും
കുട്ടൻ നേന്ത്രപ്പഴമതു നൽകും.

അന്നും കൊമ്പൻ വന്നൊരു നേരം
കുട്ടനു തോന്നി ചെറിയൊരു കുസൃതി
സൂചിയൊരണ്ണമെടുത്തു കുട്ടൻ
നീട്ടിക്കുത്തീ തുമ്പിക്കൈയിൽ.

# മധുരമീ വിഭാതം

സോന സാജൻ

ഹാ! സുന്ദരമീ പ്രഭാതം
സൂര്യകിരണങ്ങൾ  അരിച്ചിറങ്ങുമീ
മഞ്ഞുതുള്ളിയിൽ പോലും
  വിടരുന്ന വിഭാതം
  പുഴയുടെ നാദവും
  കിളിയുടെ രാഗവും
  മന്ദസ്മിതമായ് വിരിയുന്ന
  പൂക്കളിൽ സുഗന്ധവും
താളത്തിൽ പരക്കുന്നീ
പുലർക്കാലേ......
ഇരുളിൻ നിഗൂഢതയെ
മറച്ച ശീലയുമായ്
   പൊട്ടി വിടർന്ന ഈ വിഭാതത്തിൽ
   ഞാൻ  അറിയുന്നിതാ
   സൃഷ്ടിയുടെ  മധുരമായ
   സുരഭില സാന്നിധ്യം....

# അപ്പൂപ്പൻ

*നിഖിൽ മോൻ റെജി*

എന്റെ അപ്പൂപ്പന്റെ തല മൊട്ടത്തല
ഇന്ന്  അപ്പൂപ്പന്റെ തല വിഗ്ഗ്തല
ഈ അപ്പൂപ്പൻ എന്റപ്പൂപ്പൻ
ഈ ഇക്കിടി അക്കിടി പറ്റിപാപ്പാ

പണ്ട് അപ്പൂപ്പന്റെ കറി മാങ്ങാക്കറി
ഇന്ന് അപ്പൂപ്പന്റെ കറി ചിക്കൻ കറി
ഈ അപ്പൂപ്പൻ എന്റപ്പൂപ്പൻ
ഈ ഇക്കിടി അക്കിടി പറ്റിപാപ്പാ

പണ്ട് അപ്പൂപ്പന്റെ വീട് ഓലവീട്
ഇന്ന് അപ്പൂപ്പന്റെ വീട് രണ്ടുനില
ഈ അപ്പൂപ്പൻ എന്റപ്പൂപ്പൻ
ഈ ഇക്കിടി അക്കിടി പറ്റിപാപ്പാ

# ജീവിതമൊരുമഹാസാഗരം

ജോയൽ ജോസ്

ഒരു നീർക്കുമിള പോലെ ചലിക്കും ഈ ജീവിതം
ഏതു നിമിഷത്തിലും തകർന്നടയാവുന്ന ജീവിതം

ഇത്ര സുന്ദരമാം കാലമെത്ര
നാമതിൽ എത്ര കാലമുണ്ടാകും
ഈശ്വരൻതന്ന ഈ മഹാ അത്ഭുതത്തെ
എന്തിനു തകർത്തെറിയുന്നു മനുഷ്യരാശി
ജീവിതമെന്ന മഹാസത്യത്തെ
തിരിച്ചറിയും വരെ ജീവൻ തുടിക്കും
ഓരോ തുടിപ്പിലും വേദനയോടെയോ
പുഞ്ചിരിയോടയോ വിങ്ങുന്നു ഹൃദയം
കരുണയാൽ ഈ ജീവിതം തന്ന ഈശ്വരനെ
പ്രണമിക്കയല്ലാതെ മറ്റുവാക്കുകളില്ല

കാലമെത്ര കഴിഞ്ഞാലും നീളുന്ന ജീവിതം
എത്ര മഹത്വമത്രേ
മരിച്ചാലും പുനർജനിച്ചുകൊണ്ടിരിക്കുന്ന ജീവിതം

ഓരോ ഇതളും പൊഴിയുന്നതു പോലെ
മരണം അടുക്കുമ്പോഴും
മരണത്തിൻെറ പിടിയിൽ കീഴടങ്ങാനാവുകില്ല
ജീവിതമെന്ന മഹാസത്യത്തിന്
പ്രപഞ്ചമുള്ള കാലം വരെ
ചലിക്കും ഈ ജീവിതം...

# വിദ്യ

ഐശ്വര്യ എച്ച് നായർ

പണ്ട് പണ്ട് കോസലപുരി എന്ന ഗ്രാമത്തിൽ ഒരു മഹാ പണ്ഡിതനുണ്ടായിരുന്നു. അവിടെ അദ്ദേഹത്തിന് ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു. ഒരിക്കൽ ഹരി എന്ന ഒരു ബാലൻ അദ്ദേഹത്തിൻെറ അടുത്ത് ചെന്നിട്ട് പറഞ്ഞു, "എനിക്ക് അങ്ങയുടെ ശിഷ്യനായി കുറെ അറിവുകൾ നേടണം". അദ്ദേഹം പറഞ്ഞു "കുമാരാ നിൻെറ വലതുകൈ ഒന്നു കാണട്ടെ". ഹരി തന്റെ വലതുകൈ നീട്ടി കാണിച്ചു. കുറച്ചു നേരം അതിൽ നോക്കിയിരുന്നിട്ട് മുനി പറഞ്ഞു, "കുമാരാ നിന്നെ ശിഷ്യനാക്കാൻ എനിക്കാവില്ല. കാരണം നിൻെറ കൈയിൽ വിദ്യാ രേഖ നാം കാണുന്നില്ല". അതു കേട്ട ഹരിക്ക് വളരെ അധികം വിഷമം തോന്നി. എങ്ങനെയെങ്കിലും അദ്ദേഹത്തിൻെറ ശിഷ്യൻ ആകണമെന്ന് ഹരി തീരുമാനിച്ചു. എന്നിട്ട് നാരായം എടുത്ത് ഒരു വര വരച്ചു. അത് കുറച്ചു ദിവസം

കഴിഞ്ഞപ്പോഴേക്കും ഉണങ്ങിയിരുന്നു. എന്നിട്ട് കുമാരൻ മുനിയുടെ അടുത്തേക്ക് ചെന്നു. മുനി പറഞ്ഞു, "കുമാരാ നിൻെറ വിദ്യയോടുള്ള മോഹത്തെ നാം പ്രശംസിക്കുന്നു. നിനക്ക് എൻെറ ശിഷ്യനാകാൻ അവസരമുണ്ട്". പിന്നെ ഹരി നല്ല ഒരു ശിഷ്യനായി മാറി.

# അരിശത്തിനുള്ള മാർഗ്ഗം

സോന സാജൻ

ഒരു വീട്ടിൽ ഒരു ചേച്ചിയും അനുജത്തിയും ജീവിച്ചിരുന്നത് വളരെ സന്തോഷത്തോടെയും സമാധാനത്തോടെയും ആയിരുന്നു. ചേച്ചി അനുജത്തിയെ ജീവനു തുല്യം സ്നേഹിച്ചിരുന്നു.അവൾ എന്താവശ്യപ്പെട്ടാലും ചേച്ചി അത് സാധിച്ച് കൊടുത്തിരുന്നു.

ഒരു ദിവസം ചേച്ചിയ്ക്ക് അത്യാവശ്യമായി ചന്തയിൽ പോകണമായിരുന്നു. അപ്പോൾ അവൾ അനുജത്തിയുടെ കൈയിൽ നാഴി പയർമണികൾ കൊടുത്തിട്ട് വറുത്ത് വയ്ക്കാൻ പറഞ്ഞിട്ട് ചന്തയിൽ പോയി. ആ പയർമണികൾ അവൾ ഉപ്പ് ചേർത്ത് വറുത്തു. പക്ഷേ, നാഴി പയർമണികൾ

വറുത്തപ്പോൾ പകുതിയായി കുറഞ്ഞു പോയി. അയ്യോ, എന്തു കഷ്ടം. ചേച്ചി വരുമ്പോൾ ഞാനെന്തു പറയും?

അവൾ വല്ലാതെ ഭയന്നു. അപ്പോൾ ചേച്ചി കയറി വന്നു. ചട്ടിയിൽ നോക്കിയപ്പോൾ നാഴി പയർമണികൾ വറുത്തത് പകുതിയായി കുറഞ്ഞിരിക്കുന്നു. അവൾ അനുജത്തിയോട് ചോദിച്ചു, "പയർ നീ എന്തു ചെയ്തു?" ഉപ്പിട്ടു വറുത്തപ്പോൾ അത് കുറഞ്ഞുപോയി എന്ന് അവൾ പറഞ്ഞു.പക്ഷെ ആ ചേച്ചി അത് വിശ്വസിച്ചില്ല. പയർ വറുത്തു നീ നിൻെറ കൂട്ടുകാർക്കും കൊടുത്ത് തിന്നു അല്ലേ? അവൾ അരിശം മൂത്ത് ആ പാവം അനുജത്തിയെ തല്ലി കൊന്നു. എന്നിട്ട് പയർ വറുത്തു നോക്കി. അപ്പോഴാണ് മനസ്സിലാകുന്നത് നാഴി പയർ വറുത്താൽ പകുതിയായി കുറഞ്ഞു പോകുമെന്ന് . അവൾ സ്വന്തം അനുജത്തിയെ ഓർത്ത് തലതല്ലി കരഞ്ഞു. നാം മനസ്സിലാക്കണം ഒരു അരിശത്തിൻെറ പേരിൽ കിണറ്റിൽ ചാടിയാൽ ഒൻപത് അരിശം വന്നാലും കയറി വരാൻ പറ്റില്ല..........

# അനുസരണ

ജുമൈലത്ത് പി.എസ്

പണ്ട് പണ്ട് ഒരു വനത്തിൽ രണ്ട് ആനകൾ വസിച്ചിരുന്നു. അവർക്ക് ഒരു മകനുണ്ടായിരുന്നു. അവൻെറ പേര് അപ്പു എന്നായിരുന്നു. അവൻ മഹാ അഹങ്കാരിയായിരുന്നു. അവനോട് ചെയ്യരുതെന്ന് പറയുന്ന കാര്യങ്ങൾ അവൻ ചെയ്യുമായിരുന്നു. ഒരു ദിവസം അവനെ വീട്ടിലാക്കിയിട്ട് അവൻെറ അച്ഛനും അമ്മയും പുറത്ത് തീറ്റ തേടിപ്പോയപ്പോൾ അവർ മകനോട് "എങ്ങും പോകരുത്, ഞങ്ങൾ ഉടൻ തന്നെ വരാം" എന്നു പറഞ്ഞു.

കുറേ സമയം കഴിഞ്ഞപ്പോൾ അപ്പുവിന് പുറത്തുപോകാൻ മോഹം. കുറച്ചുനേരം അവൻ മാതാപിതാക്കളെ നോക്കിയിരുന്നിട്ട് പുറത്തേക്കു പോയി. ചെടികളിലെ ഇലകൾ പറിച്ചു തിന്നും പഴങ്ങൾ പറിച്ചു തിന്നും സന്തോഷത്തോടെ നടന്നു. പിന്നെയും കുറച്ചുനേരം നടന്നിട്ട് പെട്ടന്ന് അവൻ മനുഷ്യർ കുഴിച്ച ഒരു വാരിക്കുഴിയിൽ വീണു. തിരിച്ചു കേറാൻ പറ്റാതെ അവൻ ഒത്തിരി കരഞ്ഞു. അവൻെറ

കരച്ചിൽകേട്ട് മനുഷ്യർ വന്നു. അവർ ആനയെ കരയ്ക്കു കേറ്റാനുള്ള കാര്യങ്ങൾ അവർ അറിയിച്ചു. പിന്നെയും അവൻ കരയാൻ തുടങ്ങി. അവന്റെ കരച്ചിൽ കേട്ട് അവന്റെ മാതാപിതാക്കൾ എത്തി. അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അവർ തിരിച്ച് വീട്ടിലേക്ക് നടന്ന് അവരുടെ കൂട്ടുകാരെയും വിളിച്ച് കൊണ്ട് വന്ന് അവരുടെ മകനെ രക്ഷിച്ചു. തിരിച്ച് കാട്ടിലേക്ക് നടന്നു. അപ്പുവിന് പിന്നീട് മനസ്സിലായി "മാതാപിതാക്കൾ പറയുന്നത് കേൾക്കണമെന്ന്"

"മൂത്തവർ ചൊല്ലും മുതുനെല്ലിക്ക
ആദ്യം കയ്ക്കും പിന്നെ മധുരിക്കും"

# പുല്ല് രക്ഷിച്ചേ.....

സേതുലക്ഷ്മി കെ.എസ്

കാട്ടിൽ ഒരു സീബ്ര ഉണ്ടായിരുന്നു. സീബ്രയുടെ കൂട്ടുകാരനായിരുന്നു മാൻ. ഒരു ദിവസം സീബ്രയും മാനും പുല്ലിനിടയിലൂടെ ഓടിക്കളിക്കുകയായിരുന്നു. "ഹൊ! പുല്ല് വലിയ ശല്യമാണല്ലോ. നീണ്ടു വളർന്നു നിൽക്കുന്നതു കൊണ്ട് നമുക്ക് വേഗത്തിൽ ഓടാൻ പറ്റുന്നില്ല. സീബ്ര പറഞ്ഞു. "ശരിയാ. നമുക്ക് കുറേ പുല്ല് പറിച്ചു കളയാം". സീബ്രയും മാനും പുല്ല് പറിക്കാൻ ഒരുങ്ങി. പെട്ടെന്ന് ഒരു അലർച്ച കേട്ടു."ഗർർ"....

*"അയ്യോ...സിംഹം! നമുക്ക് പുല്ലിന് ഇടയിൽ ഒളിക്കാം".*

*പുല്ലിന് ഇടയിൽ ഒളിച്ചതുകൊണ്ട് സിംഹം അവരെ*

*കണ്ടില്ല. "ഹൊ! ഈ പുല്ല് നമ്മെ രക്ഷിച്ചു. സീബ്രക്കും മാനിനും സന്തോഷമായി.*

# ജലലഭ്യതയുടെ അഭാവം

ഐശ്വര്യ എച്ച് നായർ

ലോകം ഇന്ന് നേരിടുന്ന എറ്റവും വലിയ പ്രശ്നമാണ് ജലദൗർലഭ്യം. വായു കഴിഞ്ഞാൽ ഏറ്റവും അത്യാവശ്യമായ വസ്തു ജലമാണ്. ഈ ഭൂഗോളത്തിൽ മുക്കാൽ ഭാഗത്തോളം ജലമാണ് കാണപ്പെടുന്നത്. എന്നാലോ അതിൽ മൂന്നു ശതമാനം മാത്രം ശുദ്ധജലമാണ് നമുക്ക് ലഭിക്കുന്നത്. അവകാശം സ്ഥാപിക്കാനും പണം സമ്പാദിക്കാനും യുദ്ധം ചെയ്യുന്ന ലോകരാഷ്ട്രങ്ങൾ ഇനി ജലത്തിനുവേണ്ടി യുദ്ധം തുടങ്ങും. പല സ്ഥലങ്ങളിലും ജലം മലിനമാക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഇതു തന്നെയാണ് ജലലഭ്യതയുടെ അഭാവത്തിന്റെ മുഖ്യ പ്രശ്നം. നാം കുടിവെള്ളമായും മറ്റ് വീട്ടാവശ്യങ്ങൾക്കായും പുഴകളിലേയും നദികളിലേയും ജലമാണ് ഉപയോഗിക്കുന്നത്. എന്നാൽ മനുഷ്യന് ഉപകാരപ്രദമാകുന്ന പുഴകളെയും നദികളേയും മനുഷ്യൻ തന്നെ മലിനമാക്കി

കൊണ്ടിരിക്കുന്നു. ഫാക്ടറികളിലെ മലിനജലം പുഴയിലേക്കും നദികളിലേക്കും ഒഴുക്കിവിടുന്നു. ഇതുമൂലം ജലം മാത്രമല്ല മലിനപ്പെടുന്നത് പരിസരവും കൂടിയാണ്. കൂടാതെ വിവിധ തരത്തിലുള്ള രോഗങ്ങൾ പിടിപെടുന്നതിനും കാരണമാകുന്നു. കൂടാതെ നാം കൃഷി മെച്ചപ്പെടുത്താൻ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടല്ലോ. മണ്ണിൽ വീഴുന്ന ഈ വിഷാംശം ജലത്തിലും കലരുന്നു. അതിന് ഉദാഹരണമാണ് എൻഡോസൾഫാൻ. ഈ മാരകമായ കീടനാശിനി കാരണം എത്ര ജീവനുകളാണ് നമുക്ക് നഷ്ടമായത്? 44 നദികളും ധാരാളം മഴ ലഭിക്കുന്നതുമായ സംസ്ഥാനമാണ് കേരളം. എന്നാൽ ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവിക്കുന്നതും കേരളം തന്നെയാണ്.ഇതിനു കാരണം ജലം ആവശ്യമില്ലാതെ ദുരുപയോഗം ചെയ്യുന്നതുകൊണ്ടാണ്. ജല ദൗർലഭ്യത്തിന്റെ മറ്റൊരു കാരണം ജലത്തിന്റെ ഉറവിടമായ വനങ്ങളെയും വയലുകളെയും കുന്നുകളെയും നശിപ്പിക്കുന്നതാണ്. മനുഷന്റെ ധാരാളിത്തം പ്രകടമാക്കുന്നതിനുള്ള ഒരു വസ്തു മാത്രമാണ് പ്രകൃതി. ഇക്കാലത്ത് ഇവയെല്ലാം മനുഷ്യ

വികാസത്തിൻെറ സഹായികൾ മാത്രമാണ്.

ജലം ശുദ്ധമായി സൂക്ഷിക്കേണ്ട എറ്റവും വലിയ സമ്പത്താണ്. അതിന് ജലത്തിൻെറ ഉറവിടമായ കുന്നുകളെയും വയലുകളെയും വനങ്ങളെയും നശിപ്പിക്കരുത്.

. കീടനാശിനികളുടെ ഉപയോഗം കുറയ്ക്കണം

. ഭൂഗർഭജലചൂഷണം അവസാനിപ്പിക്കണം

. മാലിന്യങ്ങൾ നിക്ഷേപിക്കേണ്ട ഒരിടമായി ജല സ്രോതസ്സുകളെ കാണരുത്. ഈ തലമുറയ്ക്കും അടുത്ത തലമുറയ്ക്കും ആവശ്യമായ ജലം സംരക്ഷിക്കാൻ നാം തയ്യാറാകണം.

# പഴഞ്ചൊല്ലുകൾ

1. അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.
2. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
3. അച്ഛൻ ആനപ്പുറം കയറിയാൽ മകന് തഴമ്പുണ്ടാകുമോ
4. അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല.
5. അടുത്തവനെ കെടുത്തരുത്.
6. അച്ചിക്ക് കൊഞ്ചു പക്ഷം നായർക്ക് ഇഞ്ചി പക്ഷം.
7. അടിതെറ്റിയാൽ ആനയും വീഴും.
8. അണ്ണാൻ മൂത്താലും മരകേറ്റം മറക്കരുത്.
9. ഇക്കരെ നിന്നാൽ അക്കരെ പച്ച.
10. ഇത്തിൾ പിടിച്ചാൽ മരം കെടും.
11. ആനവായിൽ അമ്പഴങ്ങ എൻെറ വായിൽ കുമ്പളങ്ങ
12. ആകെ മുങ്ങിയാൽ കുളിരില്ല

13. ഇരിക്കും കൊമ്പ് മുറിക്കരുത്

14. ആന കൊടുത്താലും ആശ കൊടുക്കരുത്

15. ആറ്റിലിറങ്ങിയവനേ ആഴമറിയൂ

16. അളമുട്ടിയാൽ ചേരയും കടിക്കും

17. ആറ്റിൽ കളഞ്ഞാലും അളന്നു കളയണം

18. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാമോ

19. ഇടിച്ചു നേടുന്നത് ചിരിച്ചും നേടാം

20. എത്താത്ത മാങ്ങ പുളിഞ്ചൻ മാങ്ങ

21. കൊടുത്താൽ കൊല്ലത്തും കിട്ടും

22. കുരക്കും പട്ടി കടിക്കില്ല

23. മുളയിലറിയാം വിള

24. പാപി ചെല്ലുന്നിടം പാതാളം

25. തേടിയ വള്ളി കാലിൽ ചുറ്റി

26. തുടക്കം നന്നായാൽ മുടക്കം വരില്ല

27. മിണ്ടാപ്പൂച്ച കലമുടയ്ക്കും

28. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

29. വിത്തു ഗുണം പത്തു ഗുണം

30. നിറകുടം തുളുമ്പില്ല

31. എല്ലു മുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം .

32. കണ്ണടച്ചാൽ ഇരുട്ട് ഉണ്ടാവില്ല .

33. കിട്ടാത്ത മുന്തിരി പുളിക്കും .

34. കാക്ക കുളിച്ചാൽ കൊക്കാകുമോ .

35. ഒരു കുന്നിനു ഒരു കുഴി .

36. ചുട്ടയിലെ ശീലം ചുടലവരെ .

37. പുകഞ്ഞ കൊള്ളി പുറത്ത് .

38. കതിരിൻ മേൽ വളം വെയ്ക്കരുത് .

39. തേടിയ വള്ളി കാലിൽ ചുറ്റി .

*40.* ഓട്ടക്കലം നിറയില്ല .

41. വിതച്ചതേ കൊയ്യൂ

42. താൻ പാതി ദൈവം പാതി

43. വെളുക്കാൻ തേച്ചത് പാണ്ടായി

44. നിലമറിഞ്ഞേ വിത്തിടാവൂ

45. കൈ നനയാതെ മീൻ പിടിക്കുക

46. വരാനുള്ളത് വഴിയിൽ തങ്ങില്ല

47. പയ്യെ തിന്നാൽ പനയും തിന്നാം

48. നണ്ടയ്ക്ക് കാലില്ല

49. ഉള്ളിലുള്ളത് കണ്ണിൽ അറിയാം

50. കണ്ണടച്ചാൽ ഇരുട്ടാവില്ല